## 13-ാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 2798**

### പ്രാക്തനഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി എത്ര കോടി രൂപ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് ചെയ്തിട്ടുണ്ട്; എന്നാണ് ഈ തുക കേരളത്തിന് ലഭിച്ചത്; ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു; എന്നു വരെയാണ് പദ്ധതിയുടെ കാലാവധി; | (എ) | സംസ്ഥാനത്തെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാരുടെ സാമൂഹികവും, സാമ്പത്തികവും ഇവരുടെ സർവ്വതോന്മുഖവുമായ ഉന്നമനത്തിനായി 13-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി 148 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 2011-2012 സാമ്പത്തിക വർഷം 37 കോടി രൂപയും 2012-13 സാമ്പത്തിക വർഷം 37 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2013 ജനുവരി വരെ 20,98,69,734/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2011-2012 മുതൽ 2014-2015 വരെയുള്ള 4 വർഷമാണ് പദ്ധതി കാലയളവായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) | എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് പ്രസ്തുത വിഭാഗങ്ങൾക്കായി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്; ഇതിൽ ഏതെല്ലാം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്; ഓരോന്നും വിശദമാക്കുമോ; | (ബി) | പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് സാമൂഹികവും, സാമ്പത്തികവും, അടിസ്ഥാന സൗകര്യങ്ങൾക്ക് ഊന്നൽ നൽകുന്നതുമായ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | **ഇതിൽ 2011-12 സാമ്പത്തിക വർഷത്തിൽ**<br>1) പെരിപ്പറ്റിക് സെന്ററുകളുടെ താൽകാലിക ഷെഡ് നിർമ്മാണം.<br>2) സ്പെഷ്യൽ അംഗൻവാടികളുടെ താൽക്കാലിക ഷെഡ് നിർമ്മാണം.<br>3) ഭവന നിർമ്മാണം<br>4) ഊരുകൂട്ട ശാക്തീകരണം<br>5) ഹെൽത്ത് വോളണ്ടിയർമാർക്കുള്ള ഹോണറേറിയം.<br>6) പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി.<br>**2012-13 സാമ്പത്തിക വർഷത്തിൽ**<br>1. ഹൗസിംഗ്<br>2. ഭൂമി വാങ്ങൽ<br>3. ഇലക്ട്രിഫിക്കേഷൻ<br>4. ഊരുകൂട്ട ശാക്തീകരണം<br>5. പെരിപ്പറ്റിക് സെന്ററുകൾ<br>6. ദാരിദ്ര നിർമ്മാർജ്ജന ഫണ്ട്.<br>7. കുടിവെള്ള പദ്ധതികൾ<br>8. റോഡ്<br>9. മൊബൈൽ യൂണിറ്റ്<br>10. PTG ഹെൽത്ത് പ്രൊമോട്ടർമാരുടെ ഹോണറേറിയം<br>11. Drugkit to PTG ഹെൽത്ത് പ്രോമോട്ടർ<br>12. PTG സെറ്റിൽമെന്റുകളിലെ ഹെൽത്ത് ക്യാമ്പ് സംഘാടനം.<br>13. സ്പെഷ്യൽ അംഗൻവാടികളുടെ നടത്തിപ്പ്.<br>14. ഫുഡ് സപ്പോർട്ട് പ്രോഗ്രാം<br>- എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി KSEB, Water Authority, Soil Conservation |

| | | | |
|---|---|---|---|
| 4 | | | വകുപ്പുകളിൽ നിന്നും 31.54 കോടി രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | എത്ര കുടുംബങ്ങൾക്ക് ഇതുവരെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; | (സി) | പി.വി.ടി.ജി ടീം ലീഡറുടെ നിയന്ത്രണത്തിൽ വിവിധ പദ്ധതികളിലായി 8001 കുടുംബങ്ങൾക്ക് ഇതുവരെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം ഔദ്യോഗിക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു; | (ഡി) | ടി പദ്ധതിയുടെ നടത്തിപ്പിനായി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ 6 സെക്ടറൽ ഓഫീസർമാരുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക വാഹനങ്ങളും അനുവദിച്ചിട്ടുണ്ട്.<br><br>1. ഓഫീസ് - ഫർണിച്ചർ - 14,00,000<br>2. വാടക - ഇല്ല.<br>3. വാഹനം - 39,26,704<br>4. ശമ്പളം - 28,59,202<br>ആകെ 81,85,906/- രൂപ ചെലവഴിച്ചു. |
| (ഇ) | സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുവാൻ ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇവ സ്ഥിരം തസ്തികകളാണോ; | (ഇ) | ഏഴ്.<br>അല്ല. |
| (എഫ്) | എങ്കിൽ എപ്രകാരമാണ് നിയമനം നടത്തിയിട്ടുള്ളത്; | (എഫ്) | പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിച്ചിരിക്കുന്നത്. |
| (ജി) | താല്കാലിക നിയമനമാണെങ്കിൽ ഇതിനകം എത്രപേരെ നിയമിച്ചിട്ടുണ്ട്; | (ജി) | താല്ക്കാലിക നിയമനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | എന്തായിരുന്നു നിയമനത്തിനുള്ള മാനദണ്ഡം; | | **കോൺട്രാക്ട് നിയമനങ്ങൾ**<br>**(മെഡിക്കൽ യൂണിറ്റ്)**<br>1. ഡോക്ടർ -6 No.<br>2. നഴ്സ് -6 No.<br>3. അറ്റൻഡർ -6 No.<br>4. ഡ്രൈവർ -6 No.<br>ടി തസ്തികയ്ക്ക് വേണ്ട നിശ്ചിത യോഗ്യതയുള്ള വരെ പത്രപരസ്യം വഴി ക്ഷണിച്ച് യോഗ്യമായവരെ, അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്.<br>**ദിവസ വേതന നിയമനങ്ങൾ**<br>**(പ്രോജക്ട് & സെക്ടറൽ ഓഫീസ്)**<br>1. ക്ലാർക്ക് -1 No.<br>2. പ്യൂൺ -7 No.<br>3. PTS -7 No.<br>4. ഡ്രൈവർ -7 No.<br>ടി തസ്തികയ്ക്ക് വേണ്ട നിശ്ചിത യോഗ്യതയുള്ള വരെയാണ് നിയമിച്ചിട്ടുള്ളത് |
| (എച്ച്) | ശമ്പള ഇനത്തിൽ ഇതിനകം എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ? | (എച്ച്) | ജീവനക്കാരുടെ ശമ്പളയിനത്തിൽ 2011 ഡിസംബർ മാസം മുതൽ 2013 ജനുവരി മാസം വരെ 28,59,202/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

R. [signature]

**സെക്ഷൻ ആഫീസർ**